**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2168** **21-06-2024 - ൽ മറുപടിയ്ക്ക്**

**നേര്യമംഗലം കുടുംബാരോഗ്യ കേന്ദ്രത്തിൽ ഡോക്ടർമാരുടെ അപര്യാപ്തത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | നേര്യമംഗലം കുടുംബാരോഗ്യ കേന്ദ്രത്തിൽ ആവശ്യത്തിന് ഡോക്ടർമാർ ഇല്ലാത്തതുമൂലം രോഗികൾ ബുദ്ധിമുട്ട് അനുഭവിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | നേര്യമംഗലം കുടുംബാരോഗ്യ കേന്ദ്രത്തിൽ 2 അസിസ്റ്റന്റ് സർജൻ തസ്തികയാണുള്ളത്. ഇതിൽ ഒരാൾ 31-05-2024 ൽ വോളണ്ടറി റിട്ടയർമെന്റ് എടുത്തിട്ടുണ്ട്. അനധികൃതമായി ജോലിയിൽ നിന്നും വിട്ട് നിൽക്കുന്ന ഡോക്ടറുടെ ഒരു ഒഴിവ് കൂടി നിലവിലുണ്ട്. ആയത് നികത്തുന്നത് വരെ സ്ഥാപനത്തിന്റെ സുഗമമായ പ്രവർത്തനത്തിനായി ദേശീയാരോഗ്യ ദൗത്യം മുഖേന ഡോക്ടറെ നിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. 2 ഒഴിവ് നിലനിൽക്കുന്ന സാഹചര്യത്തിൽ നിലവിൽ ജോലി ക്രമീകരണ വ്യവസ്ഥയിൽ പല്ലാരിമംഗലം സാമൂഹികാരോഗ്യ കേന്ദ്രത്തിൽ നിന്നും ഒരു അസിസ്റ്റന്റ് സർജനെ നിയോഗിക്കുകയും പഞ്ചായത്ത് വഴി ഒരു ഡോക്ടറെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. സ്ഥിരം ഒഴിവുകൾ നിലനിൽക്കുന്നുണ്ടെങ്കിൽ PSC റാങ്ക് ലിസ്റ്റ് നലവിൽ വരുന്ന മുറയ്ക്ക് അതിൽ നിന്നും നിയമനം നടത്തുന്നതാണ്. |
| (ബി) | എറണാകുളം, ഇടുക്കി ജില്ലകളിൽ നിന്നുള്ള ആളുകൾ ചികിത്സയ്ക്ക് ആശ്രയിക്കുന്ന ഈ പൊതുജനാരോഗ്യ കേന്ദ്രത്തിൽ ആവശ്യത്തിന് ഡോക്ടർമാരെ നിയമിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | നേര്യമംഗലം കുടുംബാരോഗ്യ കേന്ദ്രത്തിൽ 2 അസിസ്റ്റന്റ് സർജൻ തസ്തികയാണുള്ളത്. ഇതിൽ ഒരാൾ 31-05-2024 ൽ വോളണ്ടറി റിട്ടയർമെന്റ് എടുത്തിട്ടുണ്ട്. അനധികൃതമായി ജോലിയിൽ നിന്നും വിട്ട് നിൽക്കുന്ന ഡോക്ടറുടെ ഒരു ഒഴിവ് കൂടി നിലവിലുണ്ട്. ആയത് നികത്തുന്നത് വരെ സ്ഥാപനത്തിന്റെ സുഗമമായ പ്രവർത്തനത്തിനായി ദേശീയാരോഗ്യ ദൗത്യം മുഖേന ഡോക്ടറെ നിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. 2 ഒഴിവ് നിലനിൽക്കുന്ന സാഹചര്യത്തിൽ നിലവിൽ ജോലി ക്രമീകരണ വ്യവസ്ഥയിൽ പല്ലാരിമംഗലം സാമൂഹികാരോഗ്യ കേന്ദ്രത്തിൽ നിന്നും ഒരു അസിസ്റ്റന്റ് സർജനെ നിയോഗിക്കുകയും പഞ്ചായത്ത് വഴി ഒരു ഡോക്ടറെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. സ്ഥിരം ഒഴിവുകൾ |

| | | | |
|---|---|---|---|
| | | | നിലനിൽക്കുന്നുണ്ടെങ്കിൽ PSC റാങ്ക് ലിസ്റ്റ് നലവിൽ വരുന്ന മുറയ്ക്ക് അതിൽ നിന്നും നിയമനം നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ